# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3884 | 15.05.2017 -ലെ മറുപടി

## കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ നവീകരണവും അറ്റകുറ്റപ്പണികളും

ചോദ്യം
ശ്രീ.കെ. ദാസൻ

മറുപടി
മാത്യു ടി തോമസ്
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | കോഴിക്കോട് ജില്ലയിലെ മിക്ക മണ്ഡലങ്ങളിലൂടെയും കടന്നു പോവുന്ന കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കഴിഞ്ഞ 5 വർഷ കാലയളവിൽ എത്ര തുക അനുവദിച്ചുവെന്നും അനുവദിച്ച തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടന്നുവെന്നും വ്യക്തമാക്കാമോ; | എ) | കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു.<br>2012-13 — 240 ലക്ഷം<br>2013-14 — 240 ലക്ഷം<br>2014-15 — 240 ലക്ഷം<br>2015-16 — 240 ലക്ഷം<br>2016-17 — 200 ലക്ഷം<br><br>കനാൽ ചോർച്ച പരിഹരിക്കാനാവശ്യമായ കനാൽ ലൈനിംഗ് പ്രവൃത്തികൾ, കനാൽ അനുബന്ധ നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ, മണ്ണും ചെളിയും നീക്കം ചെയ്യൽ, കാട് വെട്ടിമാറ്റൽ, കുറ്റ്യാടിജലസേചനപദ്ധതിയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിങ്ങനെയുള്ള പ്രവൃത്തികളാണ് അനുവദിച്ച തുക ഉപയോഗിച്ച് നടത്തിയിട്ടുള്ളത്. |
| ബി | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് കനാൽ നവീകരണത്തിനായി അനുവദിച്ച തുകയും നടന്ന് വരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | ബി | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കനാൽ നവീകരണത്തിനായി അനുവദിച്ച തുക താഴെ പറയുന്നു.<br>2016-17 - 200 ലക്ഷം<br>2017-18 - 200 ലക്ഷം<br><br>കനാൽ ചോർച്ച പരിഹരിക്കാനാവശ്യമായ കനാൽ ലൈനിംഗ് പ്രവൃത്തികൾ, കനാൽ അറ്റകുറ്റപ്പണികൾ, മണ്ണും ചെളിയും നീക്കം ചെയ്യൽ, കാട് വെട്ടിമാറ്റൽ മുതലായ പ്രവൃത്തികൾ നടന്നു വരുന്നു. അഴിയൂർ ബ്രാഞ്ച് കനാലിലെ വള്ളിക്കാട് അക്വഡക്ട് പുനർനിർമ്മിക്കുന്നതിന് 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | ഈ വർഷം കടുത്ത വരൾച്ച അനുഭവപ്പെടുന്ന സാഹചര്യത്തിൽ കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ ബലപ്പെടുത്തലിനും അറ്റകുറ്റപ്പണികൾക്കുമായി കൂടുതൽ തുക അനുവദിക്കുന്നതിനും പ്രവൃത്തികൾ നടപ്പിലാക്കാനും നടപടികൾ സ്വീകരിക്കുമോ; | സി | കൂടുതൽ തുക അനുവദിക്കണമെന്ന നിർദ്ദേശം പരിശോധിച്ചു വരുന്നു. |
| ഡി | ഈയിടെ ഇരിങ്ങൽ ബ്രാഞ്ച് കനാലിന്റെ കൊല്ലം ഭാഗത്ത് കനാൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊട്ടിത്തകർന്ന കനാൽ അടിയന്തരമായി പുനർ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ? | ഡി | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തകർന്ന കനാൽ അടിയന്തിരമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ